# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.758** | **03/12/2014-ൽ മറുപടിക്ക്**

## കാൻസർ ചികിത്സ

**ചോദ്യം** — **ശ്രീമതി കെ. കെ. ലതിക**

**മറുപടി** — **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) | കാൻസർ രോഗത്തിന് സർക്കാർ മേഖലയിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ കാൻസർ ചികിത്സ ആരംഭിക്കുന്നതിനുള്ള പദ്ധതി 2013 മുതൽ തുടക്കമിട്ടു. ഈ പദ്ധതി 12 ജില്ലകളിൽ പ്രാവർത്തികമാക്കുകയും അർബുദ രോഗികൾക്ക് അവരുടെ ജില്ലയിൽതന്നെ തുടർ ചികിത്സ ലഭ്യമാക്കുന്നതിനും സാധിച്ചു. ആരോഗ്യ വകുപ്പിൽ കാൻസർ രോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്കും നഴ്സുമാർക്കും ആർ.സി.സിയിൽ വച്ച് വിദഗ്ധ പരിശീലനം നൽകി ഈ യൂണിറ്റുകളിൽ വിന്യസിക്കുകയുണ്ടായി. നിലവിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാഫി യൂണിറ്റ് ആരംഭിക്കുന്നതിനും കാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്. |
| (ബി) | കാൻസറിന് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങളും ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ ? | (ബി) | സർക്കാരിന്റെ നൂതന പദ്ധതിയായ സുകൃതം നിലവിൽ വരുന്നതോടെ റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ തലശ്ശേരി, 5 ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, ജനറൽ ഹോസ്പിറ്റൽ എറണാകുളം എന്നീ ആശുപത്രികളിൽ ദാരിദ്ര്യ മേഖലയ്ക്ക് താഴെയുള്ള എല്ലാ കാൻസർ രോഗികൾക്കും ചികിത്സ പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്